**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3278** **25-10-2021 - ൽ മറുപടിയ്ക്ക്**

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത പ്രൊഫഷണൽ ബിരുദധാരികളുടെ വർധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡിന്റെ പശ്ചാത്തലത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരുടെ എണ്ണത്തിൽ വൻ വർദ്ധനവുണ്ടായി എന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് കോവിഡിന്റെ പശ്ചാത്തലത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരുടെ എണ്ണത്തിൽ വൻ വർദ്ധനവ് ഉണ്ടായിട്ടില്ല. |
| (ബി) | സംസ്ഥാനത്ത് എം.ബി.ബി.എസ്. ബിരുദധാരികൾ ഉൾപ്പെടെ പ്രൊഫഷണൽ ബിരുദധാരികൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത് തൊഴിലിനായി കാത്തിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; സംസ്ഥാനത്ത് എം.ബി.ബി.എസ്. ബിരുദധാരികൾ ഉൾപ്പെടെ 1,79,207 പ്രൊഫഷണൽ ബിരുദധാരികളായ ഉദ്യോഗാർത്ഥികളാണ് ജോലിയ്ക്കായി കാത്തിരിക്കുന്നത്. |
| (സി) | എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത പ്രൊഫഷണൽ ബിരുദധാരികളുടെ കണക്ക് ലഭ്യമാണോ; എങ്കിൽ ആയത് ലഭ്യമാക്കുമോ? | (സി) | ലഭ്യമാണ്; രണ്ടാം ക്ലാസിൽ കുറയാത്ത പരമ്പരാഗത ആർട്സ്/സയൻസ്/ കൊമേഴ്സ് ബിരുദാനന്തരബിരുദധാരി-കളും, എഞ്ചിനീയറിംഗ്, മെഡിസിൻ, അഗ്രികൾച്ചർ, നിയമം തുടങ്ങിയ സാങ്കേതിക/പ്രൊഫഷണൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെയുമാണ് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പ് പ്രൊഫഷണൽ ബിരുദധാരികൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കേരളത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിങ്ങനെ മൂന്ന് പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി യഥാക്രമം 61,962, 51,205, 66,040 ഉൾപ്പെടെ 1,79,207 പ്രൊഫഷണൽ ബിരുദധാരികളായ ഉദ്യോഗാർത്ഥികളാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത് ജോലിയ്ക്കായി കാത്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ